**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ**
**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ക്രമം**

**(ഹാജർ: ശ്രീ.എസ്.ഹരികിഷോർ ഐ.എ.എസ്)**

വിഷയം:- കുടുംബശ്രീ - ജീവ - ജെ.എൽ.ജി. വിലയിരുത്തൽ - സർവ്വീസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- ഈ ഓഫീസിലെ ജീവ ജെഎൽജി ഇവാല്യുവേഷൻ ഗൈഡ്

**ഉത്തരവ് നമ്പർ 2893/എച്ച്/2015/കെ.എസ്.എച്ച്.ഒ തീയതി 12..06..2018**

ജെഎൽജി പ്രവർത്തനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജീവ ടീം ഒരു ജെഎൽജി വിസിറ്റ് ചെയ്യുന്നതിന് സർവ്വീസ് ചാർജ്ജായി 50/- രൂപ നിരക്കിലാണ് അനുവദിക്കാൻ പരാമർശ പ്രകാരം ഉത്തരവായത്. ജെഎൽജി കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജീവ അംഗങ്ങൾക്ക് ഓരോ ഫീൽഡും സന്ദർശിക്കേണ്ടതായിട്ടുണ്ട്. കുടുംബശ്രീ ജെഎൽജികൾ കൂടുതലും ഉൾപ്രദേശങ്ങളിലായതിനാൽ 50/- രൂപ സർവ്വീസ് ചാർജ്ജ് അപര്യാപ്തമാണെന്നും ടി തുക വർദ്ധിപ്പിക്കണമെന്നും ടീമംഗങ്ങൾ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജീവ ടീം ഒരു ജെഎൽജി വിസിറ്റ് ചെയ്യുന്നതിനായുള്ള സർവ്വീസ് ചാർജ്ജ് 50/- രൂപയിൽ നിന്നും 100/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. പുതുതായി രൂപീകരിക്കുന്ന ട്രൈബൽ ജീവകൾക്കും ട്രൈബൽ ജെ.എൽ.ജി.കൾ വിസിറ്റ് ചെയ്യുന്നതിന് 100/- രൂപ സർവ്വീസ് ചാർജ്ജ് നൽകാവുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

**എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും**

**പകർപ്പ്**

**കരുതൽ / അധികം**

**ഉത്തരവിൻ പ്രകാരം,**

**അക്കൗണ്ട്സ് ഓഫീസർ**